**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഓട്ടോ, ടാക്സി മേഖലയെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എ കെ എം അഷ്റഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ദുരിതവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ തുടരെയുള്ള വിലവർദ്ധനവും ഓട്ടോ, ടാക്സി മേഖലയെ പ്രതികൂലമായി ബാധിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്; കോവിഡ് ദുരിതവും ഇന്ധന വിലയിലുണ്ടാകുന്ന വർദ്ധനവും മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2020-ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചു നൽകിയിരുന്നു. ആദ്യഘട്ടത്തിൽ ടേബിൾ (III) വിഭാഗത്തിൽപ്പെട്ട ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500/- രൂപ വീതവും ടേബിൾ (IV) വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷാ,ട്രാക്ടർ തൊഴിലാളികൾക്ക് 2000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിരുന്നു. രണ്ടാംഘട്ട ധനസഹായമായി 1000/- രൂപ വീതവും, മൂന്നാം ഘട്ട ധനസഹായമായി വീണ്ടും 1000/- രൂപ വീതവും ബോർഡിന്റെ അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. കൂടാതെ നിലവിൽ ക്ഷേമനിധി പദ്ധതികളിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്കാറ്റേർഡ് വർക്കേഴ്സ്, പാസഞ്ചർ ഗൈഡുകൾ, ഡ്രൈവിംഗ് സ്കൂൾ ജീവനക്കാർ എന്നീ വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് തൊഴിലാളി വിഹിതം മാത്രം സ്വീകരിച്ചുകൊണ്ടും, തൊഴിലുടമാ വിഹിതം മൂന്ന് മാസങ്ങൾക്കകം അടച്ചുകൊള്ളാമെന്ന് സത്യവാങ്മൂലം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ധനസഹായം ആയി 1000/- രൂപ അനുവദിച്ചിരുന്നു. ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ 40,37,42,886/- രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500/-രൂപയും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ, ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായ ഉടമ/തൊഴിലാളികൾക്ക്, 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/ തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട് . തൊഴിലാളികളുടെ അംഗത്വം വർദ്ധിപ്പിക്കുന്നതിലേക്കായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല മെമ്പർഷിപ്പ് ക്യാമ്പയിനുകൾ നടത്തി വരുന്നുണ്ട്. കൂടാതെ 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി 30.06.2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതും 01/04/2021, 01/07/21 എന്നീ ക്വാർട്ടറുകളിലെ വാഹനനികുതി ഒടുക്കുന്നതിനുള്ള സമയപരിധി 31.08.2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. കൂടാതെ താല്പര്യമുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് കുറഞ്ഞവിലയിൽ ഇ.എം.സി. ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് സബ്സിഡിയറി ആയ കൻവർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാർ വിഭാവനം ചെയ്തുവരുന്നു. |
| (ബി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഉണ്ട്; കോവിഡ് ദുരിതവും ഇന്ധന വിലയിലുണ്ടാകുന്ന വർദ്ധനവും മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2020-ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചു നൽകിയിരുന്നു. ആദ്യഘട്ടത്തിൽ ടേബിൾ (III) വിഭാഗത്തിൽപ്പെട്ട ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500/- രൂപ വീതവും ടേബിൾ (IV) വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷാ,ട്രാക്ടർ തൊഴിലാളികൾക്ക് 2000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിരുന്നു. രണ്ടാംഘട്ട ധനസഹായമായി 1000/- രൂപ വീതവും, മൂന്നാം ഘട്ട ധനസഹായമായി വീണ്ടും 1000/- രൂപ വീതവും ബോർഡിന്റെ അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. കൂടാതെ നിലവിൽ ക്ഷേമനിധി പദ്ധതികളിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത |

| | | | |
|---|---|---|---|
| | | | സ്കാറ്റേർഡ് വർക്കേഴ്സ്, പാസഞ്ചർ ഗൈഡുകൾ, ഡ്രൈവിംഗ് സ്കൂൾ ജീവനക്കാർ എന്നീ വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് തൊഴിലാളി വിഹിതം മാത്രം സ്വീകരിച്ചുകൊണ്ടും, തൊഴിലുടമാ വിഹിതം മൂന്ന് മാസങ്ങൾക്കകം അടച്ചുകൊള്ളാമെന്ന് സത്യവാങ്ങ്മൂലം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ധനസഹായം ആയി 1000/- രൂപ അനുവദിച്ചിരുന്നു. ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ 40,37,42,886/- രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500/-രൂപയും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായ ഉടമ/തൊഴിലാളികൾക്ക്, 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/ തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട് . തൊഴിലാളികളുടെ അംഗത്വം വർദ്ധിപ്പിക്കുന്നതിലേക്കായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല മെമ്പർഷിപ്പ് ക്യാമ്പയിനുകൾ നടത്തി വരുന്നുണ്ട്. കൂടാതെ 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി 30.06.2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതും 01/04/2021, 01/07/21 എന്നീ ക്വാർട്ടറുകളിലെ വാഹനനികുതി ഒടുക്കുന്നതിനുള്ള സമയപരിധി 31.08.2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. കൂടാതെ താല്പര്യമുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് കുറഞ്ഞവിലയിൽ ഇ.എം.സി. ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് സബ്സിഡിയറി ആയ കൺവർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാർ വിഭാവനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ